പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1001 08.01.2014 ലെ മറുപടിക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായി നൽകുന്ന തുക എത്രയാണ്; മുമ്പുള്ള വിവിധ പദ്ധതികൾ പ്രകാരം തുക അനുവദിക്കപ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാലും പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാനാവില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2.5 ലക്ഷം രൂപയും വീതം ഭവനനിർമ്മാണ ധനസഹായം നൽകിവരുന്നു;<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുൻപ് ഏതെങ്കിലും പദ്ധതിയിൽ തുക അനുവദിച്ചിട്ടുള്ളതിന്റെ പ്രിൻസിപ്പൽ തുക മാത്രം, ഇപ്പോൾ അനുവദിക്കുന്ന പദ്ധതിയിൽ നിന്ന് തിരിച്ചു പിടിച്ച്, പഴയ ബാദ്ധ്യതകൾ എഴുതിതള്ളിയോ പുതുക്കിയ പദ്ധതി പ്രകാരമുള്ള തുക നൽകുന്നതിന് നടപടി സ്വീകരിച്ചാൽ അനേകം പേർക്ക് മുടങ്ങികിടക്കുന്ന വീട് പണി പൂർത്തികരിക്കാൻ കഴിയും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ബി) | പട്ടികജാതി വകുപ്പിൽ നിന്നും 2001-02 മുതൽ 2005-06 വരെ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. 2007-08 മുതൽ ധനസഹായം അനുവദിച്ചതിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക്, മുൻവർഷങ്ങളിൽ അനുവദിച്ചതും പണി പൂർത്തിയാകാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിന് പരാമവധി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ